# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **T 6170** — **08.07.2014-ൽ** മറുപടിയ്ക്ക്

### സിവിൽ സർവ്വീസിലേയ്ക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി

| ചോദ്യം<br>ശ്രീ. ആർ. രാജേഷ് | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
|---|---|
| (എ) പുതിയതായി രൂപീകരിക്കുന്ന സംസ്ഥാന സിവിൽ സർവ്വീസിലേക്ക് അപേക്ഷിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധിയുടെ വിശദാംശങ്ങൾ സംവരണ-സംവരണേതര വിഭാഗങ്ങൾ തിരിച്ച് ലഭ്യമാക്കുമോ; | (എ) സംസ്ഥാന സിവിൽ സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) ഇന്ത്യൻ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് യു.പി.എസ്.സി നിഷ്കർഷിച്ചിട്ടുള്ള പ്രായപരിധിയുടെ വിശദാംശങ്ങൾ അറിയാമോ; എങ്കിൽ ലഭ്യമാക്കുമോ; | (ബി) യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷന്റെ 31.05.2014-ലെ നോട്ടീസ് നമ്പർ 09/2014-CSP-യിലെ പ്രായപരിധിയുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ബന്ധപ്പെട്ട പേജിന്റെ പകർപ്പ് അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. |
| (സി) കേരള സിവിൽ സർവ്വീസിന് സമാനമായ ഡെപ്യൂട്ടി കളക്ടർ തസ്തികയിലേക്ക് കേരള പി.എസ്.സി. നടത്തിയ പരീക്ഷയിൽ പാലിച്ച പ്രായപരിധിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) ഡെപ്യൂട്ടി കളക്ടർ തസ്തികയിലേക്ക് നിയമനം നടത്തുന്നതുമായി ബന്ധപ്പെട്ട് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. |
| (ഡി) കേരള സിവിൽ സർവ്വീസിലേക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി കുറയ്ക്കുമ്പോൾ നിരവധി ഉദ്യോഗാർത്ഥികൾക്ക് അവസരം നഷ്ടമാകും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ഇ) കേരള സിവിൽ സർവ്വീസിലേക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി ഇന്ത്യൻ സിവിൽ സർവ്വീസ് പരീക്ഷയ്ക്കുള്ള പ്രായപരിധിക്ക് തുല്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | **(ഡി)യും (ഇ)യും**<br>സംസ്ഥാന സിവിൽ സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**